

ഡോ. മനോജ് കുമാർ

# കടലിൽ നിന്നുത്ഭവിച്ച്

കടലിൽ നിന്നും
ആ പൊഴിയുടെ വശത്തൂടെ
തിരികെ ഒഴുകണം.

ഗ്രീഷ്മത്തിന്റെ കുളിര്
തിരിച്ചു നൽകി
ശിശിരത്തിന്റെ ചൂട് വാങ്ങണം.

മുങ്ങിക്കയറിപ്പോയ
തീർത്ഥാടകനെ തിരികെ വിളിച്ച്
ആദ്യം പൊങ്ങുകയും
പിന്നെ മുങ്ങുകയും ചെയ്യിക്കണം.

എന്നിൽ ചാടി മരിച്ച പെൺകുട്ടിക്ക്
ജീവൻ മാത്രം തിരികെ നൽകി
കണ്ണീരെന്നോടൊപ്പം കൊണ്ടുപോണം.

വൈദ്യുതോൽപാദന മുറിയുടെ
ഇടുങ്ങിയ ഇരുട്ടിലൂടെ
മേലേക്കൊഴുകി
ജലചക്രത്തെ തിരിച്ചുകറക്കണം.
അണക്കെട്ടിൽ കെട്ടിനിൽക്കാതെ
ആ വിനോദ നൗകയേക്കാൾ
വേഗത്തിലൊഴുകണം.
എന്നിൽ നിന്നും ആയിരം
കൈവഴികൾ ജനിപ്പിച്ച്
പിന്നാലെ ഒഴുക്കണം.

ഭാവിയിൽ ഭൂമിയുടെ ജഡം
കീറിപ്പഠിക്കുന്ന കവിയ്ക്കെഴുതാൻ
ഒരു കൊച്ചു കവിതയാകണം.

കടലിൽ നിന്നുത്ഭവിച്ച്
വന്മരങ്ങൾക്കിടയിലൂടെ
കാടുകയറി, യുറവയി-
ലേക്കൊഴുകി മറഞ്ഞൊരു
മിഴിനനഞ്ഞ കവിത. ■

---



പുസ്തകപ്പുരയിലേക്കുള്ള
പുസ്തകങ്ങൾ രണ്ട്
കോപ്പി വീതം അയക്കുക.

**വിലാസം**
പുസ്തകപ്പുര, പ്രബോധനം വാരിക
സിൽവർ ഹിൽസ്, കോഴിക്കോട്-12

## ഖുർആനിലെ സ്വഹാബികൾ




പ്രവാചകൻ കഴിഞ്ഞാൽ ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും അനുകരണീയമായ വ്യക്തിത്വങ്ങളാണ് സ്വഹാബികൾ. പ്രവാചക ജീവിതത്തിന്റെ നേർസാക്ഷികളും വിശുദ്ധ ഖുർആന്റെ പ്രഥമ സംബോധിതരുമാണവർ. ചില ഖുർആനിക സൂക്തങ്ങളുടെ അവതരണത്തിന് കാരണമോ നിമിത്തമോ ആയിത്തീരാനും അവരിൽ ചിലർക്ക് സൗഭാഗ്യമുണ്ടായി. അത്തരം 28 സ്വഹാബികളുടെ ജീവിതം, അവരുമായി ബന്ധപ്പെട്ട ഖുർആൻ സൂക്തങ്ങളുടെ പശ്ചാത്തലത്തിൽ വിവരിക്കുകയാണ് ഹാരിസ് ബാലുശ്ശേരിയുടെ 'ഖുർആനിലെ സ്വഹാബികൾ' എന്ന പുസതകത്തിൽ. പ്രസാധനം: ഐ.പി.എച്ച്, വില: 190 രൂപ.

## മിഠായി കഥകൾ

കഥ കേൾക്കാനും പറയാനും ആസ്വദിക്കാനും ഇഷ്ടമില്ലാത്തവരായി ആരും കാണില്ല. കഥകളോടുള്ള ഈ ഇഷ്ടം കൂട്ടംകൂടി ജീവിച്ചു തുടങ്ങിയ നാൾ



# ഹാജി സാഹിബ്

ടി.കെ അബ്ദുല്ല

മുഹമ്മദിൽ അലി ചേർന്നൊരു നാമധേയൻ
മഹാനുഭാവൻ ‘ദൈവദേശ’പുത്രൻ[1]
പൗരുഷം പുഞ്ചിരിയിലൊളിപ്പിച്ച ഭാവം
പുഷ്പദളം പോലൊരു സൗമ്യ പ്രഭാവം.
ഹജ്ജ് ചെയ്തവരിവിടെയെത്രയെത്രയോ
‘ഹാജിസാഹിബെ’ന്നാലൊന്നേയൊന്നു താൻ
മക്കാ വിളിച്ചിതു പുണ്യ മദീനയും
മണൽക്കാറ്റിലാടി ‘റൗളാ’ വിശുദ്ധിയും
രണ്ടു രൂപയും കൊണ്ടൊരേകാന്ത പഥികൻ
താണ്ടീ മരുപ്പറമ്പാ നഗ്നപാദൻ.
ഉത്തരദേശത്തൊരുത്ഥാന നായകൻ[2]
ഉദയം ചെയ്തൂ യുഗപ്രഭാവൻ
പ്രതിഭാധനനാം ജ്ഞാനിവര്യൻ
പുതുലോക സന്ദേശവാഹകൻ[3]
കഥയറിഞ്ഞിറങ്ങീ കഥാനായകൻ
കാതങ്ങൾ താണ്ടിയെത്തീ ഗുരുസന്നിധാനം
പട്ടിണിതിന്നും നടന്നും വേല ചെയ്തും
പണിതോരിതിഹാസ കർമകാണ്ഡം
പകർന്നിത്ഥം അണികളിലാദർശവീര്യം
പടർത്തീ ആത്മാവിലഗ്നിജ്വാലകൾ.
മതവൈരാഗ്നികത്തും വടക്കു ദിക്കിൽ[4]
ഭീതികൂടാതെത്തിയാ ഭീകരനാളിൽ
കണ്ടവർ, കേട്ടവർ ഞെട്ടിയിതെന്തഹോ
രണ്ടും കൽപിച്ചൊരീപുറപ്പാടെന്തിനോ!
കയ്യിലൊരുകത്തി, ശപഥം മനസ്സിലും
‘കൊലയാളിയെ കൊന്നേ രക്തസാക്ഷിയാകൂ.’
‘സാഹിബും’ ഹാജി സാഹിബിരുമെയ്യൊരു മനം[5]
സാഗര ഗർജന ശക്തി സ്വരൂപർ
സ്വാതന്ത്ര്യസമര സേനാപതിയൊരാൾ
സാമൂഹ്യ വിപ്ലവ മതസാരഥിയൊരാൾ

സംഭവിച്ചെങ്കിലാ നിശ്ചിത സംഗമം
സംഭവ, മിരുവൻ കരസ്സമാഗമം!
സംഭവിക്കും മുമ്പിലാ ചരിത്ര സംഗമം
സങ്കടം, സാഹിബിന്നന്ത്യ യാത്രാ ദുരന്തം!
സാഹസജീവിതയാത്രാ ശൈലി പോൽ
സാർഥക,മിരു മൃത്യുയാത്രയുമൊന്നു പോൽ[6]
അമ്മഹാ മനീഷിവര്യർക്കായിരം
സ്മൃതിഗീത ബാഷ്പ പുഷ്പഹാരം! ■

---

1. ദൈവദേശപുത്രൻ: കേരള പുത്രൻ. 2. ഉത്തരദേശം: ഉത്തരേന്ത്യ. 3. സയ്യിദ് മൗദൂദി. 4. വിഭജനാനന്തര കാലത്തെ വടക്കേ ഇന്ത്യ. 5. സാഹിബ്: മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ്. ഹാജി സാഹിബ്: ഹാജി വി.പി മുഹമ്മദലി സാഹിബ്. 6.. അബ്ദുർറഹ്മാൻ സാഹിബിന്റെയെന്ന പോലെ ഹാജി വി.പി മുഹമ്മദലി സാഹിബിന്റെയും ആകസ്മിക മരണം യാത്രാമധ്യേ.

---

തൊട്ടേ മനുഷ്യർക്കൊപ്പമുണ്ട്. ഏത് നല്ല കഥയിലും മനുഷ്യനെ ചിന്തിപ്പിക്കുന്ന സാരോപദേശങ്ങളുമുണ്ടാകും. ഈസോപ്പു കഥകളിലെ നന്മയാർന്ന വശങ്ങൾ അരിച്ചെടുത്ത സത്യൻ കല്ലുരുട്ടിയുടെ ‘മിഠായി കഥകൾ’ എന്ന പുസ്തകം കുട്ടികൾക്കും മുതിർന്നവർക്കും വഴികാട്ടിയാണ്. പ്രസാധനം: പ്രതീക്ഷാ ബുക്സ്, വില: 50 രൂപ.




## കർച്ചീഫ്

ക്രമം തെറ്റിയ ലോകത്തിന് കവിത കൊണ്ട് കാവൽ തീർക്കുകയാണ് ഉസ്മാൻ പാടലടുക്ക കർച്ചീഫ് എന്ന കവിതാസമാഹാരത്തിലൂടെ. ജീവിതത്തിന്റെ ഏത് കോണിലുള്ളവർക്കും ഈ കർച്ചീഫിൽ ഒരു കൂട്ടാളിയെ കണ്ടെത്താമെന്ന് ആമുഖത്തിൽ ഇബ്റാഹീം ബേവിഞ്ച. മർത്യനെന്ന വിചിത്ര രൂപങ്ങൾ ഈ പ്രപഞ്ചത്തോട്, ഭൂമിയോട്, പരിസ്ഥിതിയോട്, സമൂഹത്തോട്, സർവചരാചരങ്ങളോടും പ്രണയിച്ചും കലഹിച്ചും ജീവിക്കുന്നു എന്ന് വ്യക്തമായി വരച്ചിടുന്ന ഉള്ളുറപ്പുള്ള കവിതകളാണീ സമാഹാരത്തിലെന്ന് സജി കരിങ്ങോല നിരീക്ഷിക്കുന്നുണ്ട്. മയൂരം പബ്ലിക്കേഷൻസും എസ്.ഐ.ഒ അൽജാമിഅ ശാന്തപുരവും ചേർന്ന് പുറത്തിറക്കുന്ന പുസ്തകത്തിന് 60 രൂപയാണ് വില.

